**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5506** **03-11-2021 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ പഠന വൈകല്യ പരിശോധനയ്ക്കും മന:ശാസ്ത്ര പരിശോധനയ്ക്കും ചികിത്സയ്ക്കുമായി ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ താലൂക്ക് ആശുപത്രിയിലും മെഡിക്കൽ കോളേജിലും ക്ലിനിക്കൽ സൈക്കോളജിസ്റ്റ് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾ പരിഗണനയിലില്ല |
| (ബി) | ആരോഗ്യവകുപ്പിൽ പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികകൾ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഉൾപ്പെട്ടിട്ടില്ല. |
| (സി) | നിലവിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലും എത്ര ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്ന് അറിയിക്കാമോ; ഈ ഒഴിവുകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | ആരോഗ്യവകുപ്പിന്റെ കീഴിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ ആകെ 17 സ്ഥിരം തസ്തികകളാണ് ഉള്ളത് അതിൽ 3 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവ് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ളവയാണ്. ആയതിലേയ്ക്ക് നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 3 ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികകളാണ് ഒഴിവുള്ളത്. ടി ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. തുടർന്ന് ടി തസ്തികയിൽ ഒരു നിയമന ശുപാർശ ലഭിക്കുകയും അതിന്മേലുള്ള നിയമന നടപടികൾ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ